"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - കുടുംബശ്രീയുടെ ആന്തരിക വായ്പാ പ്രവർത്തനങ്ങൾക്കുവേണ്ടി ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റികൾക്ക് (എ.ഡി.എസ്) റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് മൂന്നാം ഗഡുവായി 20 കോടി രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2320/2023/LSGD തീയതി,തിരുവനന്തപുരം, 23-11-2023

---

പരാമർശം:-

1. 24/08/2021 -ലെ സ.ഉ. (സാധാ) നം.1600/2021/തസ്വഭവ.
2. 24/08/2021 -ലെ സ.ഉ. (സാധാ) നം.1601/2021/തസ്വഭവ.
3. 28/10/2021 -ലെ സ.ഉ. (സാധാ) നം.2126/2021/തസ്വഭവ.
4. 26/09/2022 -ലെ സ.ഉ.(അ) നം.71/2022/തസ്വഭവ.
5. 09/05/2023-ലെ സ.ഉ. (സാധാ) നം.1008/2023/തസ്വഭവ.
6. 20/05/2023-ലെ സ.ഉ. (സാധാ) നം.1067/2023/തസ്വഭവ.
7. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07/08/23 - ലെ I/97505/2023 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കുടുംബശ്രീയുടെ ആന്തരിക വായ്പാ പ്രവർത്തനങ്ങൾക്കുവേണ്ടി 19,489 ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റികൾക്കും (എ.ഡി.എസ്) 133 ഊര് സമിതികൾക്കും ഒരു ലക്ഷം രൂപ വീതം ആകെ 196.22 കോടി രൂപ റിവോൾവിംഗ് ഫണ്ടായി അനുവദിക്കുന്നതിനായുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകി പരാമർശം (1) പ്രകാരവും, റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിനായുള്ള മാർഗ്ഗനിർദ്ദേശം അംഗീകരിച്ചുകൊണ്ട് പരാമർശം (2) പ്രകാരവും ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (3) പ്രകാരം റിവോൾവിംഗ് ഫണ്ട് ആദ്യ ഗഡുവായി 50 കോടി രൂപയും പരാമർശം (4) പ്രകാരം രണ്ടാം ഗഡുവായി 25 കോടി രൂപയും അനുവദിച്ച് ഉത്തരവായിരുന്നു.

2. പ്രസ്തുത പദ്ധതിയ്ക്കായി 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ 4515-00-102-47(PV) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 40 കോടി രൂപയ്ക്ക് പരാമർശം (5, 6) ഉത്തരവുകൾ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

3. ഈ സാഹചര്യത്തിൽ 2023-24 സാമ്പത്തിക വർഷം ഭരണാനുമതി ലഭിച്ച 40 കോടി രൂപ 4515-00-102-47-PV ശീർഷകത്തിൽ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന്

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (7) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീയുടെ ആന്തരിക വായ്പാ പ്രവർത്തനങ്ങൾക്കുവേണ്ടി 2023-24 സാമ്പത്തിക വർഷം '4515-00-102-47 -PV' ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 40 കോടി രൂപയിൽ 20 കോടി രൂപ(ഇരുപതു കോടി രൂപ മാത്രം) ആനുപാതികമായി ജില്ലകൾക്ക് വിതരണം ചെയ്യുന്നതിനായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്കു അനുവദിച്ച് ഉത്തരവാകുന്നു.

5. തദ്ദേശ സ്വയംഭരണ വകുപ്പിലെ ഡ്രോയിംഗ് & ഡിസ്ബഴ്സിംഗ് ഓഫീസർ ടി തുക കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്യേണ്ടതും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ തുക വിനിയോഗം സംബന്ധിച്ച സാക്ഷ്യപത്രം യഥാസമയം സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&.എസ്.എസ്.എ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (WCD-3/193/2023-Fin നം. തീയതി 18.11.2023. E-2548920)
✓എക്സിക്യൂട്ടീവ് ഡയറക്ടർ, IKM, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഐ.എ1/159/2023/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
സെക്ഷൻ ഓഫീസർ Date: 24-11-2023 11:22:17